## എച്ച്.എസ്.പറളി

## 2023-2024



# ഹിമം

# എഡിറ്റോറിയൽ



എൻ ശങ്കർ സന്ദീപ്
ഇസ്മയിൽ അൻസാരി കെ എഫ്
അർജ്ജുൻ
അൻസിൽ എം എം
അക്ഷയ ലക്ഷ്മി
വിനയ ആർ
സ്വാതി കൃഷ്ണ
ബിജിത
സൗമ്യ മുരളി
ഭാഗ്യ ലിഷ ബി

ലോകം ഐ ടി  ഡിജിറ്റൽ മേഖലകളിൽ മുന്നേറുന്ന ഈ കാലഘട്ടത്തിൽ , അതിനൊപ്പം തന്നെ ഞങ്ങളെയും വളർത്തിയെടുത്ത എല്ലാ അധ്യാപകർക്കും ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു

നിങ്ങൾക്കായി ഞങ്ങൾ സമർപ്പിക്കുന്നു. .....

# ഹിമം




ശ്രീമതി . ജ്യോതി ടി.വി
ഹെഡ്മിസ്ട്രസ്
എച്ച്.എസ്. പറളി

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക്കായി മാറിയ സാഹചര്യത്തിൽ, വിദ്യാർത്ഥികളിലെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലൂടെ കഴിഞ്ഞിട്ടുണ്ട്.

2022 -23 വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന. ഡിജിറ്റൽ മാഗസിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനുമോദനങ്ങൾ.

എല്ലാവിധ ആശംസകളും നേരുന്നു

# ആശംസകൾ



ശ്രീ. സച്ചിദാനന്ദൻ. പി.എ
സീനിയർ അദ്ധ്യാപകൻ
എച്ച് എസ് പറളി

ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിവര വിനിമയ സാങ്കേതിക വിദ്യക്ക് വളരെയധികം പ്രാധാന്യമാണുള്ളത്. വിദ്യാർഥികളിൽ അതിനോടുള്ള താല്പര്യവും അഭിരുചിയും വളർത്തി അവരെ അതിനു പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാഗമായി സ്കൂൾ തലങ്ങളിൽ പ്രവർത്തിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.

അതേ ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ വളരെ കാര്യക്ഷമതയോടു കൂടി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് കുടുംബാംഗങ്ങൾക്ക് എല്ലാ ആശംസകളും അർപ്പിക്കുന്നു



ശ്രീമതി. ഉഷ . എം
എസ്.ഐ.ടി.സി

പറളി ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിലും സാങ്കേതിക വൈദഗ്ധ്യത്തിലും മികവു പുലർത്തുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടേയും ടീച്ചർമാരുടേയും ആത്മാർത്ഥമായ പ്രവർത്തനം മാഗസിനെ മെച്ചപ്പെട്ടതാക്കുന്നു.

യൂണിറ്റിൻ്റെ പ്രവർത്തനങ്ങൾക്ക് എൻ്റെ എല്ലാവിധ ആശംസകളും നേരുന്നു. തുടർന്നും മികവുറ്റ വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യാൻ നമ്മുടെ ലിറ്റിൽ കൈറ്റ്സിന് കഴിയട്ടെ എന്നും

# ഉള്ളടക്കം

എന്റെ മലയാളം ........................................... .. 1
തേങ്ങൽ ........................................................ 2
വിവരസാങ്കേതികവിദ്യ .................................... 3
ലഹരി ആരോഗ്യത്തിന് ഹാനികരം ...................... 4
സത്യസന്ധതയ്ക്കുള്ള പ്രതിഫലം.............................. 5
സ്വപ്നം .............................................................. 6
പ്രകൃതിയമ്മയുടെ കോപം ................................ 7
സൗന്ദര്യ ലഹരി .............................................. 8
ഒരു ഹിമാലയൻ യാത്ര ................................... 9
അലക്സ് ഗോൾകീപ്പർ ...................................... 10
അനുസരണ .................................................... 11
വിശ്വം ദീപമയം .............................................. 12
യഥാർത്ഥസമ്പത്ത് ......................................... 13
മഴ ................................................................. 14
നീലക്കുറിഞ്ഞി പൂത്തപ്പോൾ ............................... 15
പരിപൂർണ്ണത ................................................... 16
ഈ രാവിൽ ..................................................... 17
വഴികാട്ടി ................................................ ...... 18

ചിത്ര രചന ............................................. 19 - 22

# എൻെറ മലയാളം



മാതൃഭാഷയുടെ കൈ പിടിച്ചാണ് നാം നവലോകത്തോക്ക് കാലെടുത്ത് വെക്കുന്നത്.സ്വന്തം മണ്ണിൽ ചവിട്ടിനിൽക്കുന്ന അനുഭൂതിയാണ് അത് നമ്മിൽ ഉണർത്തുന്നത്.മാതൃഭാഷയും മാതാവും ഭിന്നമല്ല.അമ്മയിൽ നിന്ന് അകലുന്നവർ ഭാഷയിൽ നിന്നും അകലുന്നു."സ്നേഹമുണ്ടമ്മയോട് എങ്കിൽ സ്നേഹിക്കും നിങ്ങള്ഭാഷയെ..."മാതൃഭാഷയെ സ്നേഹിക്കാനും ആദരിക്കാനും നാം ഉണർന്നു പ്രവർത്തിക്കണം.

ഒരു ജനതയുടെ സംസ്കാരത്തിൻ്റ പ്രതീകമാണ് ഭാഷ.ഭാഷ തന്നെയാണ് സംസ്കാരം.തലമുറയിൽ നിന്ന് തലമുറയിലേക്ക് സംസ്കാരിക കൈമാറ്റം നടത്തുന്നത് ഭാഷയിലൂടെയാണ്.സാമൂഹിക ജീവിതത്തിൽ മനുഷ്യനെ ബന്ധിപ്പിക്കുന്ന ചരടാണ് ഭാഷ.പരസ്പരം സ്നേഹവും സഹകരണവും സഹവർത്തിതവും നിലനിർത്താൻ ഭാഷ വേണം.ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ.ഇതിനെ വാമൊഴി എന്നും രണ്ടായിത്തിരിക്കാം.നാം ആദ്യം ശീലിക്കുന്നത് വാമൊഴി ആണ്. ഭാഷയെക്കുറിച്ചുള്ള ശരിയായ പഠനത്തിലൂടെയാണ് നാം വാമൊഴി പഠിക്കുന്നത്.സ്വന്തം നാടിനെകുറിച്ചും സംസ്കാരത്തിനെ കുറിച്ചും അറിയണമെങ്കിൽ മാതൃഭാഷപഠിക്കണം.തുഞ്ചനും കുഞ്ചനും ഒക്കെ മലയാളിക്ക് സുപരിചിതമാകണമെങ്കിൽ അവരുടെ മലയാളകൃതികൾ തന്നെ പഠിക്കണം.അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിൻ്റ മാർഗ്ഗമാണ്.

വശ്യമായ ശൈലിയും സൗന്ദര്യവും നിറഞ്ഞ നമ്മുടെ മലയാളം നശിച്ചുപോകാതെ സംരക്ഷിക്കണം,നിലനിർത്തണം.അറി യാതെ വളരുന്ന സാഹചര്യം സൃഷ്ടിക്കരുത്.ആത്മവിശ്വാസവും ആത്മാഭിമാനമുള്ളവർ സ്വന്തം ഭാഷയെ കൈവെടിയുകയില്ല.മലയാളം ഇന്ന് ഒര സ്വതന്ത്ര ഭാഷയായി വളർന്നിരിക്കുകയാണ്.അത് ഉപയോഗിക്കാൻ മറ്റു ഭാഷകളുടെ ആവശ്യമില്ല.

വളർന്നുവരുന്ന തലമുറ ലളിത കോമളമായ സ്വന്തം മാതൃഭാഷ ശീലിക്കാൻ പ്രാപ്തരാകും എന്ന് നമുക്ക് വിശ്വസിക്കാം.

# തേങ്ങൽ





ശ്രീ. ശ്രീവത്സൻ. കെ
മലയാളം അധ്യാപകൻ
എച്ച് എസ് പറളി

നിൽക്കുന്നിതാ വീട്ടുമുറ്റത്ത് വീണ്ടും
കെഞ്ചി പറയുന്നു നോക്കിയാൽ മാത്രം മതി
വാങ്ങുവാൻ താല്പര്യമില്ലെന്നാകിലും
          ചൊല്ലിടാം,
കേൾക്കുക ഇ പ്രോഡക്ടിൻ ഗുണം
ജാലകപ്പാതി തുറന്നോതിയായമ്മ
ഒന്നുമേ വേണ്ട, ഉണ്ടതെല്ലാമീ വീട്ടിൽ
ഉച്ചമയക്കം തടഞ്ഞോരീയേർഷ്യയു-
ണ്ടമ്മതൻ വദനത്തിൽ നിർബന്ധമായും കാൺമൂ
എന്തു ചൊല്ലേണ്ടൂ? കനിയുവാൻ തുറക്കുവാൻ?
ജാലകപ്പാതിയുമടയുന്നു നിർദാക്ഷിണ്യം
പടിചാരി നീങ്ങവേ കേട്ടതാ നേർത്ത ശബ്ദം
എന്തു ചെയ്യാം? എങ്ങനെ സഹായിക്കുമെല്ലാരെയും?
തലയും കുനിച്ചുകൊണ്ടോടുമ്പോൾ നിഴൽ ചൊല്ലി
ഇന്നലത്തെപോലെ തന്നാകുമോ ഇന്നിൻ ഫലം
കൈ നീട്ടി, യച്ഛനെന്നാർത്തു കൊണ്ടോടിയെത്തും
കുഞ്ഞുങ്ങൾ തൻമുഖം - വയ്യോർക്കുവാൻ വയ്യയൊട്ടും
ഇന്നുമില്ലൊന്നും - ഒന്നുമേ വിറ്റു പോയില്ല,
നാളെയാവട്ടെ - നിറക്കാം കുഞ്ഞിക്കൈകൾ
ചുമരും ചാരി നിൽക്കും പാതിമെയ്യിൻ മുഖം
നോക്കാതെ, യറിയാതെ ഉള്ളിലേക്കോടിപ്പോയി
കണ്ണടച്ചിരിക്കുമ്പോൾ കേൾക്കുമാറായി
പാത്രങ്ങളുയർത്തുന്ന വെക്കുന്ന ശബ്ദം വീണ്ടും.
കഞ്ഞിവെക്കുവാൻ പോലുമില്ലാത്തയരി തേടും
പതിതൻ മുഖത്തിൽ നിന്നുയരുന്നുവോ തേങ്ങൽ?

# വിവരസാങ്കേതിക വിദ്യ



**ശ്രീ. എം.ബി കൃഷ്ണദാസ്**
**സംസ്കൃതം അദ്ധ്യാപകൻ**
**എച്ച് എസ് പറളി**

മാനവരാശിയുടെ മുഖഛായ മാറ്റുന്ന കാര്യത്തിൽ വിവരസാങ്കേതിക വിദ്യ നൽകിയ സംഭാവനകൾ വാക്കുകൾക്ക് അപ്രാപ്യമാണ്. പഴയതലമുറയിൽ നിന്ന് ആധുനിക ശില്പ ചാതുര്യം വർണശബളമാക്കിയതിനു പിന്നിൽ ഐ ടി മേഖല നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുവഴി സർവതോന്മുഖമായ വളർച്ചക്ക് ലോകത്തെ ആകമാനം സജ്ജമാക്കിയിരിക്കുന്നു എന്ന വസ്തുത അഭിനന്ദാർഹമാണ്.



ഏതു മേഖല പരിശോധിച്ചാലും അത്ഭുതാവഹമായ വളർച്ച നേടിയിരിക്കുന്നതായി കാണാൻ കഴിയും. വേഗതയും കൃത്യതയും ഈടുറ്റതും പ്രയാസരഹിതവും ആനന്ദദായകവും പ്രയാസരഹിതവുമായ മേഖലകളിലൂടെ നമ്മെ വളർച്ചയുടെ പടവുകൾ കയറ്റി വികസിത ലോകമായി മാറ്റിയിരിക്കുന്നു. ദിവസങ്ങളോ മാസങ്ങളോ കൊണ്ട് ചെയ്തു തീർക്കുന്ന കാര്യങ്ങൾ ഞൊടിയിടയിൽ സാധൂകരിക്കുവാൻ ഐ ടി മേഖല മാലോകരെ പ്രാപ്തമാക്കിയിട്ടുണ്ട്.

ഇനിയുമിനിയും ഉയരങ്ങൾ താണ്ടാൻ അഹോരാത്രങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ബുദ്ധി വൈഭവത്തെ പോലും വെല്ലുന്ന രീതിയിൽ ഈ മേഖല വളർച്ച നേടിയിരിക്കുന്നു എന്ന സത്യം നമുക്ക് ദൃഗ്ഗോജനമാണ്. നിത്യജീവിതത്തിൽ ഐ ടി ക്ക് അത്രമാത്രം പ്രാധാന്യവും അംഗീകാരവും സൗകര്യവുമുണ്ട്. ധർമാർത്ഥകാമങ്ങൾ ആയ പുരുഷാർത്ഥങ്ങളിൽ ധർമ്മമൊഴിച്ച് മറ്റെല്ലാ വിഷയങ്ങളിലും മാനവന് വിജയഗാഥ രചിക്കുന്നതിൽ ഐ ടി എത്ര മേൽ സ്വാധീനം ചെലുത്തിയിരിക്കുന്നുവെന്ന് നാം അനുഭവിച്ചറിഞ്ഞു കൊണ്ടിരിക്കുന്ന

# ലഹരി ആരോഗ്യത്തിന് ഹാനികരം

ഒരിക്കൽ ഒരിടത്ത് പാവപ്പെട്ട ഒരു കുടുംബം ഉണ്ടായിരുന്നു.അച്ഛനും അമ്മയും അവരുടെ മകനും അടങ്ങുന്ന ഒരു കുടുംബം.മകന്റെ പേര് രാഹുൽ എന്നായിരുന്നു.അച്ഛന്റെയും അമ്മയുടെയും കല്യാണം കഴിഞ്ഞ് കുറേ വർഷങ്ങൾ കഴിഞ്ഞാണ് രാഹുൽ ജനിച്ചത്.അതുകൊണ്ടുതന്നെ അവനെ ലാളിച്ചാണ് വളർത്തിയത്.അവൻ വളർന്നു വന്നു.സ്കൂളിൽ രാഹുൽ രാഹുൽ നന്നായി പഠിക്കുമായിരുന്നു.പത്താം ക്ലാസിലും പ്ലസ് ടുയിലും എല്ലാ വിഷയത്തിലും ഫുൾ മാർക്ക് വാങ്ങി.അവന്റെ ആഗ്രഹം ഒരു കലക്ടർ ആവാനായിരുന്നു.അതുകൊണ്ട് അവന്റെ അമ്മയും അച്ഛനും രാപകൽ എന്നില്ലാതെ പണി ചെയ്ത് പൈസ ഉണ്ടാക്കും. IAS പഠിക്കാൻ വേണ്ടി അവനെ ഒരു കോച്ചിങ് സ്ഥാപനത്തിൽ ചേർത്തു.കോച്ചിങ് സ്ഥാപനത്തിലേക്ക് പോകാൻ ദൂരം കൂടുതലായതിനാൽ ദിവസവും വീട്ടിൽ വന്ന് പോകാൻ കഴിയാത്തത് കൊണ്ടും ഹോസ്റ്റലിൽ വിട്ട് ആണ് പഠിപ്പിച്ചത്.




അവിടേയും രാഹുൽ നന്നായി പഠിച്ചു കൊണ്ടിരുന്നു.കൂടെ ഉണ്ടായിരുന്ന കൂട്ടുക്കാരെല്ലാം ചീത്ത സ്വഭാവവുമായി നടക്കുന്നവരായിരുന്നു.ലഹരി ഉപയോഗിക്കുന്നവരുമായിരുന്നു.രാഹുലിനെ അവരോടൊപ്പം ചേർത്തോൻ വേണ്ടി അവർ ഒരുപാട് പ്രയത്നിച്ചു.രാഹുൽ അതൊന്നും ചെവിക്കൊണ്ടില്ല.അച്ഛന്റെയും അമ്മയുടെയും കഷ്ടപ്പാട് അവന് നന്നായി അറിയാമായിരുന്നു.കൂട്ടുകാർ അവനെ നിരന്തരം പീഡിപ്പിച്ചു കൊണ്ടിരുന്നു.അങ്ങനെ കുറേ മാസം കഴിഞ്ഞപ്പോൾ അവനും ആ ഗ്രൂപ്പിൽ പെട്ടു.വേണ്ടിയതിനും വേണ്ടാത്തതിനും വീട്ടീൽ നിന്ന് പൈസ അയച്ചുതരാൻ പറഞ്ഞു.ഇതൊന്നും അറിയാതെ അവരുടെ കയ്യിൽ പൈസയില്ലാതെ കഷ്ടപ്പെട്ട് പണിയെടുത്ത് പഠനാവശ്യത്തിനാണെന്ന് കരുതി അവൻക്ക് പൈസ അയച്ചു കൊടുക്കും. അങ്ങനെ രണ്ടു മൂന്നാഴ്ച കഴിഞ്ഞു.രാഹുലും കൂട്ടുക്കാരും പോലീസിന്റെ പിടിയിൽ ആയി.പോലിസ് അവന്റെ വീട്ടിലേക്ക് വിളിച്ചു.വീട്ടുക്കാർ വന്ന് അവനെ വീട്ടിലേക്ക് കൊണ്ടുപോയി.അപ്പോഴേക്കും അവൻ ലഹരി കൂടുതൽ ഉപയോഗിച്ച് ഭ്രാന്തായി.അവർ അവനെ ഒരു റൂമിൽ അടച്ചിട്ടു.അവൻക്കു ലഹരി കിട്ടാതെ കൂടുതൽ ഭ്രാന്തായി.കയ്യിൽ കിട്ടിയതെല്ലാം എടുത്തെറിഞ്ഞു.എങ്ങനെയോ വാതിൽ പൊളിച്ച് റൂമിൽ നിന്ന് പുറത്തിറങ്ങി.വഴക്കു കൂടുന്നതിനിടയിൽ കയ്യിൽ കിട്ടിയ വെട്ടുക്കത്തിക്കൊണ്ട് അച്ഛനെ വെട്ടി കൊലപ്പെടുത്തി.സ്വയം ബോധം നഷ്ടപ്പെട്ടത് കൊണ്ട് അവൻ ഇങ്ങനെ പലതും ചെയ്തുകൂട്ടി.കുറേ നാൾ ലഹരി ഉപയോഗിക്കാത്തതുകൊണ്ട് സ്വയം ബോധം വന്നു.അപ്പോൾ അവനാണ് അച്ഛനെ കൊന്നത് എന്നത് അവൻ അറിഞ്ഞു.അതറിഞ്ഞപ്പോൾ വീണ്ടും അവന് ബോധം നഷ്ടപ്പെട്ടു.പിന്നെ അവൻ കുറേ മാറാരോഗത്തിനടിമയായി.മാസങ്ങൾക്കുശേഷം രോഗം കൂടുതലായി അവൻ മരിച്ചു.ഇപ്പോൾ രാഹുലിന്റെ വീട്ടിൽ അമ്മ തനിച്ചായി.നല്ല കൂട്ടുകെട്ടിലൂടെ പോയതാണെങ്കിൽ അവൻ ഏതെങ്കിലും ഒരു നാടിന്റെ കളക്ടർ ആയേനെ.



“ലഹരിക്ക് വിട നൽകാം

ജീവിതം ആസ്വദിക്കാം”

**റിഫ**

# സത്യസന്ധതയുടെ പ്രതിഫലം

ഒരിടത്ത് ഒരിടത്തൊരുകാട്ടിൽ രണ്ട് കാക്കകൾ ഉണ്ടായിരുന്നു.ഇരുടേയും പേര് സോനു എന്നും മോനു എന്നായിരുന്നു .അവർ നല്ല സുഹൃത്തുക്കളായിരുന്നു .പക്ഷെ ഒരു ദിവസം സോനുവിനും മോനുവിനും ഒരു സംശയമുണ്ടായി ഇരുവരിലും ആരാണ് കൂടുതൽ ശക്തിമാൻ എന്ന് അവർക്ക് അറിയില്ലായിരുന്നു. ആ സംശയം തീർക്കാൻ അവർ ഒരു പദ്ധതി-
യിട്ടു ഒരു മത്സരം നടത്തി .ആരാണ് വിജയിക്കുന്നത് അവരാണ് കൂടുതൽ ശക്തിമാൻ മത്സരം ഇതായിരുന്നു .ആരാണ് കൂടുതൽ ഭാരം പൊക്കികൊണ്ട് കുറേ ഉയരം പറക്കുന്നവോ അവരാണ് ശക്തിമാൻ എന്നായിരുന്നു സോനു കാക്കയുടെ മനസ്സിൽ.ആ മത്സരം കുറച്ച് ദുഷകരമുള്ളതായിരുന്നു.എന്നാൽ മോനു കാക്കയുടെ മനസ്സ് നിഷ്കളങ്കതയുള്ളതായിരിന്നു.സോനു കാക്കയ്ക്ക് മോനു കാക്കയെ തോൽപ്പിച്ച് താനാണ് കൂടുതൽ ശക്തിമാൻ എന്ന് തെളിയ്ക്കണമെന്ന് വാശിയുണ്ടായിരുന്നു.
അതിനുവേണ്ടിതന്നെ അവന്റെ സഞ്ചിയിൽ പഞ്ഞിയും മോനു കാക്കയുടെ സഞ്ചിയിൽ ഉപ്പും നിറച്ചു.മത്സരം തുടങ്ങി,പഞ്ഞി നിറച്ച ചാക്കും കൊണ്ട് സോനു കാക്ക വളരെ ഉയരത്തിൽ പറക്കാൻ തുടങ്ങി.എന്നാൽ ഉപ്പുനിറച്ച സഞ്ചിയും കൊണ്ട് മോനു കാക്കയ്ക്ക് കൂടുതൽ ദൂരം പറക്കാൻ കഴിഞ്ഞില്ല. എന്നാൽ അപ്രതീക്ഷിതമായി മഴ പെയ്തു.സോനു കാക്കയുടെ സഞ്ചിയിൽ പഞ്ഞിയായതു കൊണ്ട് മഴവെള്ളം പഞ്ഞി വലിച്ചെടുത്തു.സോനു കാക്കയ്ക്ക് ഭാരം സഹിക്കാൻ കഴിഞ്ഞില്ല.ഭാരം കൂടിയതുകൊണ്ട് അവൻ പതിയെ പതിയെ പതിയെ താഴേയ്ക്ക് വരാൻ തുടങ്ങി.എന്നാൽ മോനു കാക്കയുടെ സഞ്ചിയിൽ ഉപ്പായതിനാൽ അത് മഴയത്ത് അലിഞ്ഞുപോയി. അതോടെ മോനു കാക്കയുടെ സഞ്ചിയുടെ ഭാരം കുറഞ്ഞു. അതുകൊണ്ട് മോനുവിന് തന്നെ വിജയം കൈ വരിക്കാൻ സാധിച്ചു.
ഗുണപാഠം:-
സത്യസന്ധതയുള്ളയുടത്ത് മാത്രമേ വിജയം ഉണ്ടാകുകയുള്ളൂ.

**ആര്യ എം**




# സ്വപ്നം

ജിതേഷ് ജനിക്കുന്നത് ഒരു കൂട്ടുകുടുംബത്തിലാണ്.വലിയ തറവാടും കുറേ ബന്ധുക്കാരുമായി നല്ല കളിയും ചിരിയുമായി മുന്നോട്ട് പോകുന്ന ജീവിതം.ചെറുപ്പത്തിൽ തന്നെ കളിച്ചു നടക്കാൻ തറവാട്ടിൽ തന്നെ കുറേയധികം കുട്ടികൾ ഉണ്ടായിരുന്നു.സ്കൂളിൽ പഠിക്കുമ്പോൾ തന്നെ അവനു എഴുതാൻ ഇഷ്ടമായിരുന്നു.നാലാം ക്ലാസിനു ശേഷംമറ്റുള്ള കുട്ടികളെല്ലാം ഒഴിവു കിട്ടുമ്പോൾ കളിക്കാൻ പോവുമായിരുന്നു,പക്ഷെ ജിതേഷിനു എഴുതാനായിരുന്നു ഇഷ്ടം.അവൻ ഇങ്ങനെ എഴുതുന്നത് കണ്ട അവന്റെ അമ്മ അവനോട് സ്കൂളിലെ കഥാ രചന മത്സരത്തിൽ പങ്കെടുവാനായി നിർദേശിച്ചു.മത്സരത്തിൽ പങ്കെടുത്ത ജിതേഷിനു രണ്ടാം സ്ഥാനം ലഭിക്കുന്നു.അവന്റെ അമ്മ അവനെ എഴുത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാൻ പറയുന്നു.അതു പോലെതന്നെ ജിതേഷും കൂടുതൽ ശ്രദ്ധ പുലർത്തുന്നു.പക്ഷെ ജിതേഷിന്റെ അച്ഛനു അവൻ പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാനായി പറയുന്നു.ജിതേഷ് പഠനവും എഴുത്തും നല്ല രീതിക്കു മുന്നോട്ടു കൊണ്ടു പോയി.മറ്റുള്ള വർഷങ്ങളിലും ജിതേഷ് കഥാരചന മത്സരത്തിൽ പങ്കെടുക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.അങ്ങനെ ജിതേഷ് പത്താം ക്ലാസിൽ എത്തുന്നു.എല്ലാ വർഷത്തേയും പോലെ ജിതേഷ് പത്താം ക്ലാസിൽ കഥാരചന മത്സരത്തിൽ പങ്കെടുത്തില്ല. കാരണം,അവന്റെ അച്ഛൻ അവൻ പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് തൃപ്തനാകുന്നില്ല.ഈ വർഷം നീ ഒരു മത്സരത്തിലും പങ്കെടുക്കണ്ട എന്ന് കർശനമായി വിലക്കി.നല്ല രീതിക്ക് പഠിച്ച് നല്ല ജോലി വാങ്ങാൻ നിർദേശിച്ചു.അങ്ങനെ ജിതേഷിന്റെ സ്കൂളിലെ പഠനം അവസാനിക്കുന്നു.ജിതേഷിനു ഒരു ഗവൺമെന്റ് കോളേജിൽ തന്നെ അഡ്മിഷൻ ലഭിക്കുന്നു.അപ്പോഴും ജിതേഷ് തന്റെ വീട്ടുകാർ അറിയാതെ എഴുത്ത് തുടർന്നു.വർഷങ്ങൾ മുന്നോട്ടു പോയി. ജിതേഷിനു കോളേജിൽ അവസാന വർഷമാണ്.അപ്പോഴാണ് ജിതേഷിന്റെ അച്ഛൻ കടത്തിൽ പെട്ടിരിക്കുകയാണ് എന്ന് മനസ്സിലാകുന്നത്.തന്റെ അച്ഛൻ ഒരു ബിസിനസിനായ് ഒരു ലക്ഷം രൂപ കടം വാങ്ങിയിരുന്നു,പക്ഷെ ആ ബിസിനസ് വിജയം കണ്ടില്ല.കടം വീട്ടാൻ ബന്ധുക്കാരോട് സഹായം ചോദിച്ചപ്പോൾ അവർ കൈമലർത്തി.ജിതേഷിനു തന്റെ അച്ഛനെ സഹായിക്കണമെന്നുണ്ടെങ്കിലും തനിക്ക് കഴിയുമായിരുന്നില്ല.ജിതേഷ് ആകെ വിഷമത്തിലായ്.അപ്പോഴാണ് ജിതേഷ് ഒരു വാർത്ത കേൾക്കുന്നത്.സംസ്ഥാനത്ത് ഒരു ഷോർട്ട് ഫിലിം മത്സരം.അതിൽ വിജയിച്ചാൽ രണ്ട് ലക്ഷം രൂപ സമ്മാനം.ജിതേഷ് തന്റെ കൂട്ടുകാരുമായി സംസാരിച്ചു.അവർ അഭിനയിക്കാം എന്ന് സമ്മതിച്ചു.കഥ ജിതേഷും ഏറ്റെടുത്തു.ജിതേഷ് നല്ല രീതിക്ക് തന്നെ ഒരു കഥ എഴുതി.അത് ഷൂട്ട് ചെയ്ത് മത്സരത്തിനായി അയച്ചു




കൊടുത്തു.സ്വാഭാവികമായും ജിതേഷു തന്നെ വിജയിക്കുകയും ചെയ്തു.കിട്ടിയ രണ്ട് രൂപയിൽ ഒരു ലക്ഷം രൂപ അച്ഛനും ഒരു ലക്ഷം അഭിനയിച്ചവർ തമ്മിൽ പിരിച്ചെടുത്തു.ഈ മത്സരത്തിന്റെ വിധികർത്താവ് ഒരു അറിയപ്പെടുന്ന സിനിമാ സംവിധായകൻ ആയിരുന്നു.ഇദ്ദേഹത്തിനു ജിതേഷിന്റെ ഒരു കഥ സിനിമയാക്കാൻ ആഗ്രഹം.ഇദ്ദേഹം ജിതേഷിനോടു അഭിപ്രായം ചോദിച്ചു.ജിതേഷും സമ്മതിച്ചു.ജിതേഷ് കുറേയധികം കഥയെഴുതി.പക്ഷെ അതൊന്നും സംവിധായകൻ ഇഷ്ടപ്പെട്ടില്ല.ജിതേഷ് കുറേയധികം ആലോചിച്ചു ഒടുവിൽ ഒരു കഥയെഴുതി .അത് സംവിധായകന് നല്ല രീതിക്ക് ഇഷ്ടമായി.കഥ സിനിമയായി,സിനിമ ഹിറ്റായി.അപ്പോൾ സംവിധായകൻ ചോദിച്ചു നിനക്ക് എവിടെ നിന്നാണ് ഈ കഥ എഴുതാൻ ആശയം ലഭിച്ചത്.ജിതേഷ് അപ്പോൾ പറഞ്ഞു ഞാൻ എഴുതിയ പല കഥകളും താങ്കൾ നിരസിച്ചപ്പോൾ ഞാൻ പല ദിവസങ്ങളായ് കാണുന്ന സ്വപ്നം തന്നെ ക്രോഡീകരിച്ച് കഥയാക്കി.ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല ഇതു താങ്കൾക്ക് ഇത്രയ്ക്ക് ഇഷ്ടപ്പെടുമെന്നും സിനിമാ ഹിറ്റാകുമെന്നും.ജിതേഷ് തന്റെ സ്വപ്നങ്ങളെ വീണ്ടും കഥകളാക്കി,സിനിമകളാക്കി ഒടുവിൽ ജിതേഷ് ലോകം അറിയപ്പെടുന്ന ഒരു തിരക്കഥാകൃത്തായി തീർന്നു.

**സഫ്വാൻ മുഹമ്മദ്**



# പ്രകൃതിയമ്മയുടെ കോപം

എന്തിനു അമ്മേ  തൻമ്മക്കളിൽ കോപം
പുലർത്തുന്നത് "
“അമ്മയുടെ കോപം അമ്മമക്കളെ
പ്റളയത്തിലാക്കി"
“എന്നുള്ളറയിൽ ഞാൻ കരുതി
ചിലപ്പോളെന്നമ്മ വിങ്ങലേറ്റു
കരയുകയാണെന്ന് "
"അമ്മയുടെ വിങ്ങിൽ ഞങ്ങളെ
ആഴത്തിലാക്കി"
"അമ്മയുടെ തെളി
ച്ചമുള്ള ഭാവം
കണ്ടിട്ടുയെത്റ കണ്ടിട്ടുയെത്റനാളായെന്നോ "
"തൻ മക്കൾയെന്തു പാപമാണമ്മെ
ഈ ഗൃഹത്തിൽ ദുർയോഗം
ചെയ്തത് "
“അമ്മയുടെ മക്കളെക്ഷമിച്ചുകൊള്ളു-
കയിലെ



# ആസ്വാദന കുറിപ്പ്
# സൗന്ദര്യലഹരി

മലയാള സാഹിത്യത്തിലെ
പ്രമുഖ കവി ചങ്ങമ്പുഴ
കൃഷ്ണപിള്ളയുടെ
'ബാഷ്പാഞ്ജലി 'എന്ന
കാവ്യാമാഹാരത്തിലെ
മനോഹരമായ
വരികളാണ്.
നമ്മുടെ മനസ്സിനെ
സന്തോഷിപ്പിക്കുന്ന
മനോഹരമായ പ്രകൃതിയെ
കുറിച്ചുള്ള കവിതയാണ്
സൗന്ദര്യലഹരി.
പച്ചിലകൾക്കിടയിലൂടെ
പടിഞ്ഞാറൻ ഭാഗത്തുള്ള
ആകാശത്തിലെ
പനിനീർപ്പൂന്തോട്ടങ്ങളെ
ആസ്വദിക്കുകയാണ് കവി.
സന്ധ്യാസമയത്ത് ചുവന്ന്
തുടുത്ത മേഘത്തേയും
സൂര്യനേയും കവി
പനിനീർപൂന്തോട്ടങ്ങളായാ
ണ്

സങ്കൽപ്പിച്ചിരിക്കുന്നത് .ഇ
ത്തരം സൗന്ദര്യം
ആസ്വദിക്കാൻ തുടങ്ങിയിട്ട്
എത്രയോ കാലമായി
,എന്നിട്ടും പ്രകൃതി
സൗന്ദര്യത്തിന് ഒരു കുറവും
വന്നിട്ടില്ലല്ലോ

എന്നോർത്ത് കവി
അത്ഭുതപ്പെടുന്നു.ഓരോരോ
ദിവസവും
വിലമതിക്കാനാവാത്ത ഈ
പ്രാപഞ്ചി
ക ജിവിതം വെറുത്തു
പോകുലമായിരുന്നു.പ്രഭാത
ത്തിൽ കിഴക്കുദിക്കിൽ നിന്ന്
സിന്ദൂരവർണ്ണം പൂശി
ഉദയസൂര്യന്റെ കിരണങ്ങൾ
ഏറ്റ് പൂക്കൾ
വിടർന്നുല്ലസിക്കുകയാണ്.

# ഒരു ഹിമാലയൻ യാത്ര

നന്ദു വളരെ പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്.അവൻ ചെറുപ്പത്തിൽ തന്നെ കഠിനാധ്വാനിയും സത്യസന്ധനുമായിരുന്നു.നന്ദുവിന് വാഹനങ്ങളോട് ഒത്തിരി ഇഷ്ടമാണ്.താൻ വലുതാവുമ്പോൾ ഒരു വാഹനം സ്വന്തമാക്കണമെന്ന് അവന് അതിയായ മോഹമുണ്ട്.പഠനത്തിന്റെ ഇടവേളകളിൽ ലഭിക്കുന്ന ഒഴിവുദിവസങ്ങൾ അവൻ ജോലി ചെയ്ത് പൈസ സ്വരൂപിച്ചു.അക്കാലത്ത് നന്ദുവിന്റെ ഗ്രാമത്തിൽ നിന്നും കുറച്ചു പേർ ഹിമാലയ യാത്ര പോവുകയും അവർ തിരിച്ചു വന്ന് അവിടെ കണ്ട നയന മനോഹരമായ കാഴ്ച അവനോട് പങ്കുവെക്കുകയും ചെയ്തു.നന്ദുവിന്റെ മനസ്സിൽ പിന്നെ ഒരേയോരു ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മഞ്ഞുമലകളാൽ സമ്പുഷ്ടമായ ഹിമാലയത്തിന്റെ അടുത്തെത്തണം.തന്റെ പഠനകാലം കഴിഞ്ഞ് നന്ദു ഒരു ഹിമാലയ എന്ന ബൈക്ക് സ്വന്തമാക്കി.നന്ദു ഹിമങ്ങളാൽ സമ്പുഷ്ടമായ ഹിമവാന്റെ മടിത്തട്ടിലേക്ക് യാത്ര തുടർന്നു.നന്ദു മൈസൂർ എത്തി അവിടെ രണ്ടു ദിവസം താമസിച്ച ശേഷം അവിടെ നിന്നും യാത്ര തുടർന്നു.ദന്നൂർ എന്ന സ്ഥലത്തെത്തിയപ്പോൾ നന്ദുവിന് ഒരു അപകടം പറ്റി കുറച്ചു ദിവസം ആശുപത്രിയിൽ കിടന്നു.നന്ദു തന്റെ പരിക്കുകളിൽ തളരാതെ യാത്ര തുടർന്നു. ചാലന, ഗവാലിയർ, മുറൈന,ആഗ്ര എന്നീ സ്ഥലങ്ങൾ കഴിഞ്ഞ് ഹിമാലയത്തിൽ എത്തി.മഞ്ഞു മലകളിൽ സൂര്യന്റെ വെയിലേററ് തിളങ്ങി.മഞ്ഞു കണങ്ങൾ പഞ്ഞിക്കെട്ടുപോലെ പരന്നു കിടക്കുന്നു.മഞ്ഞിൽ ചവിട്ടി ഹിമാലയത്തിലൂടെ നടക്കുമ്പോൾ ദുസ്സഹമായിരുന്നു. തന്റെ അതിയായ ആഗ്രഹത്തിന്റെ ഫലം നന്ദു ഹിമാലയത്തിൽ എത്തിയതിൽ അവൻ ഒരുപാട് സന്തോഷിച്ചു.നാം എന്ത് ആഗ്രഹിക്കുന്നുവോ അതിന് വേണ്ടിയുള്ള പരിശ്രമവും അതിൽ നിന്നുള്ള ഫലവും മധുരമുള്ളതായിരിക്കും.

ഫാത്തിമ റസാന .എ

# അലക്സ് ഗോൾകീപ്പർ

അലെക്സ് ജനിക്കുന്നത് ഒരു പാവപ്പെട്ട
കുടുംബത്തിലണ്
അലെക്സിന്റെ ചെറുപ്പക്കാലത്ത്തന്നെ
അലെക്സിന്റെ അച്ചഛൻ മരണപ്പെട്ടു അവൻ
ചെറുപ്പക്കാലം തെട്ടേ ഫുട്ബേൾ
കളിക്കാൻ ഭയങ്കര ഇഷ്ട്മായിരുന്നു അവൻ
ഫുട്ബോളിൾ
ഗോൾകിപ്പർ ആയിരുന്നു പക്ഷെ അവന്റെ
അമ്മെയ്ക്ക് അവൻ ഫുട്ബോൾ കളിക്കുന്നത്
ഇഷ്ട്മായിരുന്നില്ല അവൻ പഠനത്തിൽ കുറച്ച്
പുറകിലായിരുന്നു അതുകോണ്ട് അവന്റെ
അമ്മേക്ക്അവൻ പഠിക്കാൻ താൽപര്യം
കാണിക്കണമെന്നായിരുന്നു
ആഗ്രഹം ഒരു ദിവസം
ഗണിതം ക്ലാസ് ടെസറ്റിൽ
അലെക്സിനു മാർക്ക്  കുറഞ്ഞു
അപ്പോൾ ടീച്ചർ അവനെ
ക്ലസിൽ നിന്നു പുറത്താക്കി
അലെക്സ് ക്ലസിൽ നിന്നു
ഗ്രൗണ്ടിലേക്കു ഓടി അവിടെ
ഫുട്ബോൾ
കളിക്കുന്നവരുടെകൂടെ കളിച്ചു
അവന്റെ കളി കണ്ടു വന്ന
പി.ടി സാർ അവന്റെ കളി
ഭയങ്കര ഇഷ്ട്മായി അവൻ
സ്കൂൾ ടിമിന്റെ ഗേൾകിപ്പറായി
തിരുമാനിച്ചു അവൻ അപ്പോൾ
പന്ത്രണ്ട് വയസ്സായിരുന്നു
അവൻ പരിശീലത്തിനു
പോകാൻ ഗോൾകീപ്പർ
ഗ്ലൗസും
ബൂട്ട്സും വേണമായിരുന്നു പക്ഷെ അതു
വാങ്ങാൻ അവന്റെ കയ്യിലോ അവന്റെ
അമമയുടെ കയ്യിലോ കാശില്ല ഇവൻ
ഇക്കാര്യം സാറിനോട് പോയി പറഞ്ഞപ്പോൾ
സാർ തന്നെ അവന് ഗ്ലൗസും ബൂട്ടും
വങ്ങിക്കൊടുത്തു പലമത്സരങ്ങളിലും നല്ല
രീതിക്ക് കളിച്ച് തന്റെ ടിമിനു
വിജയപാതയിലേക്കുനയിച്ചു പതുക്കെ
അവന്റെ അമ്മയും അവൻ ഫുട്ബോൾ
കളിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാൻ
തുടങ്ങി അവൻ പതിനാലു വയസ്സായപ്പോൾ
ജില്ലാ ടിമിലേക്കു സെലെക്ഷൻ ലഭിച്ചു അവൻ
ആ ടിമിനു വേണ്ടിയും നല്ല രീതിയ്ക്കു തന്നെ
കളിച്ചു
അലെക്സ് പത്താം ക്ലാസിനു ശേഷം തന്റെ
പഠിപ്പ് നിർത്തുകയും ഫുട്ബോളിനു
മുഖ്യസ്ഥനം കൊടുക്കുകയും ചെയ്തു
അലെക്സ് പതിലെട്ടു വയസ്സ് ആയപ്പോൾ
സംസ്ഥാന ടീമിൽ24 സെലെക്ഷ്ൻ
ലഭിക്കുകയാണ് സംസ്ഥാനത്തിനു
വേണ്ടിയുള്ള ആദ്യ മത്സരത്തിൽ അവൻ നല്ല
രീതിയ്ക്ക് കളിക്കാൻ കഴിഞ്ഞില്ല അവന്റെ ടീ
ആദ്യ മത്സരത്തിൽ പരാജയപ്പെടുന്നു
രണ്ടാമത്തെ മത്സരത്തിൽ അലെക്സിനു
കളിക്കാൻ അവസരം ലഭിച്ചില്ല
കഴിഞ്ഞ കളിയിലെ മേശപ്രകടനമായിരുന്നു
കാരണം അങ്ങനെ രണ്ടു മത്സരങ്ങൾ
കഴിഞ്ഞു അടുത്ത മത്സരത്തിൽ ടിമിന്റെ
ഗോൾകിപ്പറിനു പരുക്ക് പറ്റുന്നു പകരമായി
അലെക്സ്



മൈതാനത്തേ
ാട്ടു ഇറങ്ങുന്നു
ആ കളിയിൽ
അലെക്സ് നല്ല
രീതിക്ക് തന്നെ
കളിക്കുകയും
അവന്റെ ടീം
വിജയിക്കുകയു
ം ചെയ്യുന്നു
അങ്ങനെ
എല്ലാ കളിയും
അലെക്സ് നല്ല
രീതിയ്ക്കു
കളിക്കുകയും
അവന്റെ ടീം
സെമി.ഫൈന
ൽസിലോട്ടു
സെലക്റ്റ്
ആകുന്നു അപ്പോഴാണ് പരുക്ക് പറ്റിയ
ഗോൾക്കീപ്പർ പരുങ്കിനിന്നു മുക്തനാകുന്നത്
സെമി.ഫൈനൽസിനു വേണ്ടി അലെക്സിനു
കളിക്കാൻ കഴിഞ്ഞില്ല പക്ഷെ ആ
ഗോൾകീപ്പർക്ക് നല്ല പ്രകടനം
കാഴ്ച്ചവെക്കാൻ കഴിഞ്ഞില്ല അലെക്സ്
തലനാരിഴയ്ക്കാണ് സെമി.ഫൈനൽ ജയിച്ചു
കയറുന്നത് ഫൈനസിൽ അലെക്സ്നു തന്നെ
കളിക്കാൻ അവസരം ലഭിക്കുകയാണ്
അവനും അവന്റെ ടീമും നല്ല രീതിയ്ക്കുകു തന്നെ
കളിക്കുകയും അവർ ആ വർഷത്തെ
വിജയികളാവുകയാണ് അലെക്സ്ന്റെ മികച്ച
പ്രകടനം കെണ്ടു തന്നെ അലെക്സിനെ
ദേശിയ ടിമിലേക്ക് സെലക്ഷൻ ലഭിക്കുന്നു
പിന്നെയുള്ള വർഷങ്ങളിൽ നല്ല രീതിയ്ക്കു
തന്നെ കളിക്കുകയും കളിയിൽ നിന്നു
വിരമിക്കുകയും ചെയ്യുന്നു

# അനുസരണ

ഒരു നാട്ടിൽ രമ എന്നു പറയുന്ന പെണ്ണ് ഉണ്ടായിരുന്നു. അവൾ വാശിയും ലേശം അനുസരണകേടും ഉള്ള ആളായിരുന്നു. കുറച്ച് ദിവസമായി അവൾക്ക് കുറേ മുടി വേണമെന്നാണ് ആഗ്രഹം. പക്ഷേ എന്ത് ചെയ്തിട്ടും വളർന്നില്ല. അവൾ അവളുടേ സങ്കടം അമ്മയൊട് പറഞ്ഞു. അപ്പോൾ അവൾക്ക് ഒരു എണ്ണ കൊടുത്തു . എന്നിട്ട് പറഞ്ഞു "ഇത് ദിവസവും ഉറങ്ങുന്നതിനു മുൻപ് മുടിയിൽ കുറച്ച് തേക്കണം. ഇത് മുഴുവനും ഒരുമിച്ച് തേക്കരുത്! മനസിലായില്ലേ?.:"മന സ്സിലായി എന്ന ഭാവത്തിൽ രമ തലയാട്ടി. അവൾ അമ്മ പറഞ്ഞതനുസരിച്ച് അന്ന് രാത്രി കുറച്ച് എണ്ണ തലയിൽ തേച്ച് കിടന്നു. പിറ്റേ ദിവസമായപ്പോഴേക്കും മുടി കുറച്ച് വളർന്നു. ഈ വിവരം അവൾ അമ്മയോട് പറഞ്ഞു. ഇങ്ങനെ എന്നും രാത്രി  അവൾ ചെയ്തുകൊണ്ടിരുന്നു.ഒരു ദിവസം രാത്രി അവൾ ചിന്തിച്ചു "എന്തുകൊണ്ട് എല്ലായെണ്ണയും ഒരുമിച്ച് തേച്ചുപളുടാ.. അപ്പോൾ എനിക്ക് നാളെ ആകുമ്പോൾ നല്ല മുടിയുണ്ടാകും ഇതും ചിന്തിച്ച് അവൾ എണ്ണ മുഴുവനും തലയിൽ തേച്ചു. എന്നിട്ട് കിടന്നുറങ്ങി. പിറ്റെ ദിവസം നോക്കുമ്പോൾ അവളുടെ മുടി വളർന്നിരിക്കുന്നു. രമ ആ സന്തോഷത്തിൽ പുറത്തേക്ക് ഓടി. അപ്പോൾ അവളുടെ അയൽ വാസിയായ റീന അതുവഴി പോകുന്നുണ്ടായിരുന്നു. അവളുടെ മുടി കാണിച്ച് പൊങ്ങച്ചം കാണക്കാമെന്ന് വിചാരിച്ച് രമ അവളുടെ അടുത്ത് ചെന്നു. റീന അവളെ കണ്ടതും



പ്രതത്തെ കണ്ടപോലെ പേടിച്ചോടി.രമ ഒന്നും മനസ്സിലാവാതെ അവിടന്നു കുറച്ച് അകലെയായി സ്ഥിരമായി വരുന്ന പാൽക്കാരനെ അവൾ കണ്ടു. അവാൾ രമയെ കണ്ടതും അയ്യോ കരടി എന്നും പറഞ്ഞ് ഒരറ്റ ഓട്ടം. രമ വീടിനകത്ത് കേറി കണ്ണാടി നോക്കി. അവൾ ആകെ അമ്പരന്നു പോയി. മുഖത്ത് ആകെ രോമം കൊണ്ട് നിറഞ്ഞിരിക്കുന്നു.ഇത് കണ്ടതും അവൾ കരയാൻ തുടങ്ങി. കരച്ചിൽ കേട്ട് അമ്മ ഓടി വന്നു. അമ്മ അവളെ കണ്ടതും പെട്ടന്ന് പിന്നോട്ടുമാറി. അവൾ കരഞ്ഞു കൊണ്ട് തന്നെ നടന്ന കാര്യം മുഴുവനും പറഞ്ഞു. അമ്മ കുറച്ച് ദേഷ്യത്തോടെ പറഞ്ഞു "നിന്നോടിങ്ങനെ ചെയ്യരുതെന്ന് പറഞ്ഞതല്ലേ. നീ എന്തെങ്കിലും ഒപ്പിക്കുമെന്നെനിക്കറിയാം. ഇനിയെങ്കിലും പറഞ്ഞത് അനുസരിച്ചൂടേ"അവൾടെ സങ്കടം ഒന്നുകൂടെ കൂടി. അമ്മ അവളെ സമാദാനിപ്പിച്ചു. അവളുടെ കയ്യിൽ ഒരു മരുന്ന് കൊടുത്ത് രാത്രി അത് തേച്ചിട്ട് ഉറങ്ങാൻ പറഞ്ഞു. അവളതുപോലെ ചെയ്തു. പിറ്റേ ദിവസം വെപ്രാളത്തോടെ അവൾ കണ്ണാടിയുടെ മുമ്പിലേക്കോടി. അവളുടെ മുഖം പഴയത് പോലെ തന്നെ ആയിരിക്കുന്നു. സന്തോഷത്തോടെ അമ്മയെ ഒടിച്ചെന്ന് കട്ടിപ്പിടിച്ചു. ഇനി അമ്മ പറയുന്നത് അനുസരിക്കാമെന്നും വാശി കാട്ടില്ലന്നും അവൾ വാക്കു നൽകി. ഇപ്പോൾ രമ അമ്മയെ അനുസരിക്കുന്ന ഒരു നല്ല കുട്ടിയായി മാറി.

**ആഷിഖ  നസ്റിൻ . വി.എ**

ഹിമം

# വിശ്വം ദീപമയം

നമ്മുടെ തന്നെ കാഴ്ചപ്പാടുകളും ചിന്തകളുമെല്ലാമാണ് ജീവിതത്തിൽ സന്തോഷവും ദു:ഖവുമെല്ലാമുണ്ടാക്കുന്നത് എന്ന ആശയമാണ് വിശ്വം ദീപമയം എന്ന കവതയിലൂടെ പ്രശസ്ത കവി ഉള്ളൂർ പകർന്നു തരുന്നത്. സുഖവും ദു:ഖവും ദൈവസൃഷ്ടിയാണ്. അതുകൊണ്ടുതന്നെ സുഖം പോലെ ദു:ഖത്തിനും ജീവിത്തിൽ അർഹിക്കുന്ന സ്ഥാനം നൽകേണ്ടതല്ലേ എന്ന ചോദ്യത്തോടെയാണ് കാവ്യഭാഗം ആരംഭിക്കുന്നത്.

ഒന്നിടവിട്ടു വരുന്ന രാത്രിയും. അവയിൽ ക്രുപുതർത്തുകയും പുതർത്തുകയും അർത്ഥമില്ല. അതിൻറ്റേതായ ഉണർവോടെ കടന്നുവരേണ്ടതു സൂര്യൻ അസ്തസിക്കമ്പോൽ അണിനിരത്തി ഈശ്വരൻ അകറ്റിരിർത്തുന്നു. നാം



പ്രപഞ്ചപ്രതിഭാസമാണ് പകലും പകലിനോടും മാത്രം രാത്രയോട് വിപ്രതിപത്തി ചെയ്യുന്നതിൽ ഓരോന്നിനും ധർമ്മമുണ്ട് പ്രഭാതത്തിൽ എഴുന്നേൽക്കാൻ രാത്രയും തന്നെയാണ് നക്ഷത്രക്കൂട്ടങ്ങളെ ഇരുട്ടിനെ തൽക്കാലത്തേക്ക് ഉണർരുന്നതിനു മുൻപ്

സൂര്യരാകുന്ന ദീപം വീണ്ടും കൊളുത്തിവയ്ക്കുകയും ചെയ്യുന്നു. ജോലിചെയ്യുന്നതിന് എത്ര വെളിച്ചം ആവശ്യമെന്നുമെല്ലാം അറിഞ്ഞ് ഈശ്വരൻ അത് ക്രമീകരിച്ചിരിക്കുന്നു. സന്ധ്യയായാൽ വിളക്കുതെളിച്ച് വെളച്ചം കാണിക്കുന്നു. സന്ദർഭോചിതമായി നാം കർമരിരതരാകണം എന്നും ഉപദേശിക്കുകയാണ് കവി. പ്രകൃതിയിതലെ മറ്റു ജീവജാലങ്ങളെല്ലാം നല്ലതുചെയാനുള്ള മനസോടെ നിലകോളളുംബോഴും മനുഷ്യർ മാത്രം സത്പ്രവൃത്തികൾ ചെയ്യാൻ മടിച്ചു നിൽക്കുന്നതിനെയാണ് കവി ചോദ്യം ചെയ്യുന്നത്.

വിവേകമാകുന്ന നിർമലദീപം ഉള്ളിൽ ജ്വലിച്ചുനിൽക്കുംബോൾ ദൂരെ ആകാശത്ത് കത്തിനിക്കുന്ന വിളക്കുകെടുന്നതിനെക്കുറിച്ചോർത്ത് വിഷാദവാനാകേണ്ടതില്ല എന്നാണ് കവി ഓർമിപ്പിക്കുന്നത്.

ഉണരാമെന്ന പ്രതീക്ഷയോടെയാണ് നാം എന്നും ഉറങ്ങാൻ കിടക്കുന്നത്. ആ ശുഭപ്രതീക്ഷ  നമ്മുടെ എല്ലാ പ്രവൃത്തിയിലും ഒന്നു പോലെ പ്രത്യക്ഷമായാൽ മതി എന്നാണ് കവി പറയുന്നത്. അത് ജീവിതത്തിന് കരുത്തുപകരും.

മനസിൽ നിരാശ നിറഞ്ഞവന് നട്ടുച്ചയും പാതിരാവായി തോന്നും. ശുഭപ്രതീകഷയുളളവന് ഏതു രാത്രിയും സൂര്യപ്രകാശത്താൽ ജ്വലിക്കുന്ന പകല് പോലെ അനുഭവപ്പെടും. ശുഭപ്രതീക്ഷയാർ ചിന്തകളും നൻമകളും മനസിൽ നിറയ്ക്കുക എന്ന സന്ദേശമാണ് കവി നിൽക്കുന്നത്.

ഹിമം

# യഥാർത്ഥ സമ്പത്ത്

ഒരു ധനികൻ തന്റെ മകനെ ഒരു രാജ്യത്തേക്ക് യാത്ര കൊണ്ടുപോകാൻ തീരുമാനിച്ചു. ആ ധനികൻ അവന്റെ മകൻ പാവപ്പെട്ടവർ എങ്ങനെ ജീവിക്കുന്നുവെന്ന് കാണിക്കാനും സമ്പത്തിൽ നന്ദി

കാണിക്കാനും വളരെ ദരിദ്രനായ ഒരു കുടുംബത്തിന്റെ കൃഷിയിടത്തിൽ അവർ രണ്ടു ദിവസം ചെലവഴിച്ചു . വീട്ടിലേക്കുള്ള വഴിയിൽ പണക്കാരൻ മകനോട് ചോദിച്ചു . "ഈ പാവപ്പെട്ട കുടുംബമായുള്ള നമ്മുടെ യാത്ര എങ്ങനെയായിരുന്നു. മകൻ മറുപടി പറഞ്ഞു. "നമമൾക്ക് സേവിക്കാൻ വേലക്കാർ ഉണ്ട് . പക്ഷേ അവർ മറ്റുള്ളവരെ സേവിക്കുന്നു.നമ്മൾക്ക് ഒരു നായയുണ്ട്,അവർക്ക് നാലെണ്ണം ഉണ്ട്.നമ്മുടെ തോട്ടത്തിൽ നമ്മൾ വിളക്കുകൾ ഇറക്കുമതി ചെയ്തിട്ടുണ്ട്.അവർക്ക് രാത്രി നക്ഷത്രങ്ങളുണ്ട്.നമ്മൾ ഭക്ഷണം വാങ്ങുന്നു.പക്ഷെ അവർ ഒറ്റക്ക് നിർമിക്കുന്നു.നമ്മുടെ പൂന്തോട്ടത്തിൽ നമുക്ക് വലിയ കുളമുണ്ട്.അവർക്ക് അവസാനമില്ലാത്ത അരുവി".

ഒടുവിൽ മകൻ കൂട്ടിച്ചേർത്തു.

"നമ്മൾ എത്ര ദരിദ്രരാണെന്ന് എന്നെ കാണിച്ചതിൽ നന്ദി അച്ഛാ".

# മഴ

**മേഘദേവന്റെ കണ്ണീരായുതിർന്നു**
**നീ,ധരിത്രിതൻ പൊൻകിടാങ്ങളിൽ**
**വീണുടയാൻ.**
**ഒരുവൻ വിളിച്ചു നിന്നെയാനന്ദസൂചിക-**
**യെങ്കിൽ മറ്റൊരുവൻ മനസ്സിൽ നീ**
**കണ്ണീർപൊഴിക്കും നയങ്ങൾക്കു സഖീ.**
**സ്പർശിച്ചു നീ ഈ തപിതമാമുലകിനെ**
**കാഠിന്യമില്ലാത്തൊരാ തണുപ്പിൽ.**
**ക്ലാന്തമാം ചെടികളിൽ ഇറ്റിറ്റുവീണ നിൻ**
**തളിർ ചുംബനലഹരിയിൽ**
**മയങ്ങുമീരാവിനെ നീ ദർശിച്ചാലും.**

**- സ്വാതി കൃഷ്ണ**
**9H**

# നീലക്കുറിഞ്ഞി പൂക്കുമ്പോൾ

പ്രകൃതിയിലെ വിസ്മയമായി കണക്കാക്കുന്ന 12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയുടെ വസന്തോത്സവത്തിന് സാക്ഷ്യം വഹിക്കാൻ ഏതാനും വർഷങ്ങൾക്കു മുൻപാണ് ഞാനും എന്റെ കുടുംബവും മൂന്നാറിൽ എത്തിയത് .
എന്നും പച്ചപുതച്ച് നിൽക്കുന്ന മൂന്നാർ 12 വർഷത്തിലൊരിക്കൽ എത്തുന്ന നീലക്കുറിഞ്ഞിയുടെ വരവോടെ മെല്ലെ ലാവൻഡറിലേക്ക് മാറും.രാവിലെ തന്നെ ഇരവികുളം രാജമലയിൽ എത്തിയ ഞങ്ങൾ ബസ്സിലാണ് ചുരങ്ങൾ താണ്ടി എത്തിയത്.ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുക്കൾ എന്താണെന്ന് ചോദിച്ചാൽ പൂക്കൾ എന്നാവും അതിന് ഉത്തരം. ആ സൗന്ദര്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നീലക്കുറിഞ്ഞി മലനിരകൾ.ഇളം ലാവൻഡർ നിറത്തിലുള്ള ഒരു പട്ടുക്കുപ്പായം ധരിച്ച പോലെ സുന്ദരമായ മലനിരകളുടെ കാഴ്ച വർണ്ണിക്കാൻ കഴിയാത്തതാണ്. ആ കാഴ്ചക്ക് മോടി കൂട്ടാൻ പൂക്കളെ തലോടി മെല്ലെ നീങ്ങുന്ന കോടമഞ്ഞും.മഞ്ഞുതുള്ളികൾ ഏറ്റ് ഇളം കാറ്റിന്റെ തഴുകലിൽ ആടി ആടി അവ നിരനിരയായി നിൽക്കുന്നത് കാണുമ്പോൾ ഇത് തന്നെയാണ് ഭൂമിയിലെ സ്വർഗമെന്ന് തോന്നി പോകും.പ്രകൃതി സൗന്ദര്യം വർണ്ണനക്കപ്പുറമാണെന്ന് എനിക്ക് മനസിലായത് ഈ കാഴ്ചക്കുശേഷമാണ്.

ഹിബ ഫാത്തിമ

# പരിപൂർണ്ണത



അല്ലയോ സഖാ! വിശ്വാസമെൻ കൺകളിൽ
തെളിയുന്ന ചന്ദ്രനായ്,നിൻ
ശ്യാമസുന്ദരകിനാവിൽ ഞാനതിർന്നപ്പോൾ.
ഒരു കൈയകലത്തിലല്ലാ നിൻ
സാന്നിദ്ധ്യം എങ്കിലും ഇണചേരണം മനസ്സു-
കൾ, നിറവേൽക്കാം നമുക്കെൻ
പ്രണയ സത്യം,ഇരുളടഞ്ഞീയുലകിൻ സമ്മുഖം.
നിൻ മനം ചൊരിയുമൊരാ-
ദിത്യനിറമാം സ്നേഹത്തിലെന്നെ അണിയിക്കുക.
വെള്ളിമുത്തുകളായ് പൊടിഞ്ഞൊ-
രിക്കൽ കണ്ണീർ നിൻ ആർദ്രമാംപൊൻ ദർശനത്താൽ.
ഇന്നീയകലം വിധിചാർത്തി നമ്മിൽ
ഒഴുക്കിയൊരാരുവി നേത്രനീളെ നിൻ നാമത്തിൽ.
രാധക്കുണ്ടോ പൂർണ്ണത
നിന്നസാന്നിദ്ധ്യത്തിൽ മാധവാ,മയിൽപ്പീലി
-ച്ചൂടിക്കാൻ ഞാനില്ലാതെ പരിണയം
നിനക്കും സാധയമോ? തെളിയണം സദാ പരിപൂർ
-ണ്ണത നമ്മിൽ,പ്രണയത്തിൻ കണ്ണാടി-
യായ് മാറണം വരം രാധാമാധവം.

സ്വാതി കൃഷ്ണ
9H

# ഈ രാവിൽ

**സൂര്യാസ്തമയത്തിനായി കാത്തിരുന്നൊരാ-**
**നിലാവ്, ഉദിച്ചുയരുന്ന വാനത്തിലേക്ക്.**
**ഭൂമിയെ മൂട്ടുമൊരു ഇരുളിൻ**
**പ്രകാശ ദീപമായ് നിറചന്ദ്രൻ. നക്ഷത്രനിരകൾ**
**നോക്കിനിൽപ്പൂ ഈ ഭൂമിയെ. ധരിണിതൻ**
**മടിയിൽ ചാഞ്ഞുറങ്ങുന്ന നദികൾ  വെളിച്ചത്തിൻ**
**പുറകെ ഒഴുകുന്നു. നിശാശലഭങ്ങൾ രാവിൻ**
**നിറവിൽ അലസമായ് പാടുന്നു അവർതൻ രാഗം.**
**പ്രകൃതി ഈ രാവിൽ നിറചന്ദ്രനായ്, കാറ്റിൻ**
**രാഗമായ്, തിളങ്ങും താരമായ് ചൊരിയുന്ന**
**മാതൃസ്നേഹം.**

**-സ്വാതി കൃഷ്ണ**
**IX-H**

# വഴികാട്ടി

ഇരുളടഞ്ഞ വീഥിയിൽ ദീപമായ്
തെളിയും നീ ദേവീ സ്വരൂപമേ.
വിദ്യതൻ ചന്ദനം ചാർത്തിനൽകും
സത്യത്തിൻ കാന്തിപ്രകാശമായ് ഭവതീ....

ഇടറുന്ന കാൽവെപ്പിൽ താങ്ങായ്
നിന്നു സദാ നിൻ സസ്നേഹം.
പുസ്തകജാലകമെനിക്കായ് തുറന്നുവ-
തിൻ മൂല്യമാമാനന്ദം പകർന്നു തന്നു.

ബാല്യവീധികൾ തിരിച്ചു ഭവതി
നീ ധർമ്മരേഖയിൽ,ജീവിതാനുഭവ-
ങ്ങൾ പാഠമാക്കാനഭ്യസിച്ചു.
ജീവിതമൊരുയാത്രയായ് എങ്കിൽ
സദാ ഭവതി നീയെൻ വഴികാട്ടി.



-സ്വാതി കൃഷ്ണ
9H



# ചിത്രരചന

















Little
Kites








നന്ദി